പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.229 — 28.10.2019-ൽ മറുപടിക്ക്

## പുഴകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) സംസ്ഥാനത്തെ പുഴകളിൽ പ്രളയശേഷം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) സാന്റ് ഓഡിറ്റ് പൂർത്തീകരിച്ച ശേഷമാണോ ഇത്തരത്തിൽ മണൽ നീക്കം ചെയ്യുന്നത്;<br>(സി) സാന്റ് ഓഡിറ്റ് നടത്താതെ അടിയന്തര സാഹചര്യം പരിഗണിച്ചാണ് മണൽ നീക്കം ചെയ്യുന്നത് എങ്കിൽ ഇതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ? | (എ) യും (ബി) യും (സി) യും<br>സംസ്ഥാനത്തെ പുഴകളിൽ പ്രളയശേഷം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയ ബാധിത നദികളായ പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ പൂർത്തിയായി വരുന്നു. 15.01.2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാനം മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 125 പ്രകാരവും 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം അനുസരിച്ചും മണൽ വാരുന്നതിന് സാന്റ് ആഡിറ്റ് നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ